## ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

(ഹാജർ :അബ്ദുൽകലാം.എം)

വിഷയം: തൊഴിൽ വകുപ്പ്- ഭരണ നിർവ്വഹണം-ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനകയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

സൂചന:
1. സർക്കാർ ഉത്തരവ് (സാധാരണം) നമ്പർ 892/2021/തൊഴിൽ തീയതി 27.07.2021
2. ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ 03.08.2021-ഇതേ നമ്പർ ഉത്തരവ്.
3. ഈ കാര്യാലയത്തിൽ നിന്നും സർക്കാരിന് അയച്ച 05.05.2021 തീയതിയിലെ ഇ(2)19634/2018 നമ്പർ കത്ത്.

=

**ഉത്തരവ് നമ്പർ LCO-10327/2021/E2 തിരുവനന്തപുരം തീയതി: 09.08.2021**

ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതിഅമ്പിളി.എസ്-ന് വായന(1) ഉത്തരവ് പ്രകാരം കേരള കെട്ടിട നിർമ്മാണ ക്ഷേമ ബോർഡിന്റെ പത്തനംതിട്ട ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറായി അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ആയത് അനുസരിച്ച് വായന(2) ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ട് ശ്രീമതി.അമ്പിളി.എസ്- നെ 03.08.2021 അപരാഹ്നത്തിൽ ചുമതലകളിൽ നിന്നും വിടുതൽ ചെയ്ത് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ ഒരു ജൂനിയർ സൂപ്രണ്ടിന്റെ ഒഴിവുണ്ട്.

2. മേൽ അന്യത്രസേവനം അനുവദിച്ചതുവഴി ഉണ്ടായ ഒഴിവിലേയ്ക്ക് 1958-ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസസ്സ് റൂൾ 28(ബി)(ii)പ്രകാരം 43400-91200 ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് താഴെ പറയും പ്രകാരം സ്ഥാനകയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു. ടി സ്ഥാനകയറ്റ ഉത്തരവ് വായന (3) പ്രകാരം ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും സർക്കാരിന് അയച്ച 05/05/2021 തീയതിയിലെ ഇ(2)19634/2016 നമ്പർ കത്തിന്റെ മറുപടി/ഉത്തരവ് അനുസരിച്ച് ഭേദഗതി വരുത്തുന്നതും ആവശ്യമെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ റിവർട്ട് ചെയ്യുന്നതുമാണ്.

| സ്ഥാനകയറ്റം | | | |
|---|---|---|---|
| ക്രമ നമ്പർ | പേര്, തസ്തിക | സ്ഥാനകയറ്റം നൽകി നിയമിക്കുന്ന തസ്തിക, ഓഫീസ് | കുറിപ്പ് |
| 1 | ശ്രീമതി.റഹ്മത്ത്.കെ (പെൻ 492079) ഹെഡ് ക്ലർക്ക് ജില്ലാ ലേബർ ഓഫീസ്, വയനാട് | ജൂനിയർ സൂപ്രണ്ട് ലേബർ കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം | ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി.അമ്പിളി.എസ്-ന് അന്യത്രസേവനം ലഭിച്ചതു വഴിയുണ്ടായ ഒഴിവിലേയ്ക്ക് ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു. |

| | | | |
|---|---|---|---|
| | | | |

3. മേൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനകയറ്റം നൽകിയതുവഴി ഉണ്ടായ ഒഴിവിലേയ്ക്ക് 1958-ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസസ്സ് റൂൾ, റൂൾ 28(ബി)(ii)പ്രകാരം 39300-83000 ശമ്പള സ്കെയിലിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ റഗുലർ ബേസിസിൽ താഴെ പറയും പ്രകാരം സ്ഥാനകയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു. ടി സ്ഥാനകയറ്റ ഉത്തരവ് വായന (3) പ്രകാരം ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും സർക്കാരിന് അയച്ച 05/05/2021 തീയതിയിലെ ഇ(2)19634/2016 നമ്പർ കത്തിന്റെ മറുപടി/ഉത്തരവ് അനുസരിച്ച് ഭേദഗതി വരുത്തുന്നതും ആവശ്യമെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ റിവർട്ട് ചെയ്യുന്നതുമാണ്.

| <u>സ്ഥാനകയറ്റം</u> | | | |
|---|---|---|---|
| ക്രമ നമ്പർ | പേര്, തസ്തിക | സ്ഥാനകയറ്റം നൽകി നിയമിക്കുന്ന തസ്തിക, ഓഫീസ് | കുറിപ്പ് |
| 1 | ശ്രീ.മുരളി.എം (പെൻ:3911638), സീനിയർ ക്ലാർക്ക് ഡെപ്യൂട്ടി ലേബർ കമ്മീഷണർ ഓഫീസ്, കോട്ടയം | ഹെഡ് ക്ലാർക്ക്, ജില്ലാ ലേബർ ഓഫീസ്, വയനാട് | വയനാട് ജില്ലാ ലേബർ ഓഫീസിലെ ഹെഡ് ക്ലാർക്ക് ശ്രീമതി.റഹ്മത്ത്.കെ യ്ക്ക് ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിയതുവഴിയുണ്ടായ ഒഴിവിൽ ഹെഡ് ക്ലാർക്കായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു. |
| | | | |

4. നിയന്ത്രണാധികാരികൾ ടി ഉത്തരവുകൾ അടിയന്തരമായി നടപ്പിലാക്കി ആയത് ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ടി ഉത്തരവ് സംബന്ധിച്ച് സർവ്വീസ് പുസ്തകത്തിലും സ്പാർക്കിലും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ബന്ധപ്പെട്ടവർക്ക്(വെബ്സൈറ്റ് മുഖാന്തിരം)

പകർപ്പ്:-

1. പി.എ.റ്റ ലേബർ കമ്മീഷണർ
2. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, കോഴിക്കോട്
3. ഡെപ്യൂട്ടി ലേബര്ര് കമ്മീഷണർ, കോട്ടയം
4. ജില്ലാ ലേബർ ഓഫീസർ, വയനാട്
5. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
6. സീനിയർ സൂപ്രണ്ട്(ഇ)
7. ജൂനിയർ സൂപ്രണ്ട്(ഇ)
8) ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സീനിയർസൂപ്രണ്ട്(ഇ)